# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3789
# 21/06/2019 ലെ മറുപടിക്ക്

**ആസ്തി വികസന പദ്ധതിയുടെ കടിശ്ശിക**

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | സംസ്ഥാനത്ത് വിവിധ വകുപ്പുകൾക്ക് കീഴിലായി ഭാഗികമായും പൂർണ്ണമായും പൂർത്തീകരിച്ച പ്രവൃത്തികളുടെ പാർട്ട് ബിൽ / ഫൈനൽ ബിൽ അനുവദിക്കാത്ത ഗുരുതരമായ സ്ഥിതി വിശേഷം നിലവിലുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ ബില്ലുകൾക്ക് തുക അനുവദിക്കാത്ത സാഹചര്യം നിലവിലില്ല. |
| (ബി) | എം.എൽ.എ മാരുടെ ആസ്തി വികസന പദ്ധതിയുടെ ഭാഗമായി നടക്കുന്ന പ്രവൃത്തികൾക്ക് ഭാഗികമായോ മുഴുവനുമായോ കരാറുകാർക്ക് കൊടുക്കാനുള്ള കടിശ്ശിക എത്രയാണ് നിലവിൽ ഉള്ളതെന്ന് അറിയിക്കാമോ; | 2019 മാർച്ച് മാസം 10-ാം തീയതി മുതൽ മെയ് മാസം 27-ാം തീയതി വരെ തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിൽ വന്നതു കാരണം ഡെപ്പോസിറ്റ്/പാർട്ട് ബില്ലുകളുടെ അലോട്ട്മെന്റ് നൽകുവാൻ കഴിഞ്ഞിരുന്നില്ല. പെരുമാറ്റചട്ടം അവസാനിച്ചപ്പോൾ ടി പ്രവൃത്തികളുടെ ബിൽ തുകയുടെ അലോട്ട്മെന്റ് പൂർണ്ണമായി നൽകിയിട്ടുണ്ട്. തദ്ദേശസ്വയം ഭരണ വകുപ്പിൽ നിലവിൽ ഏകദേശം 85 ഓളം പ്രവൃത്തികളുടെ ബിൽ തുകയായി അനുവദിക്കേണ്ടുന്ന 24 കോടി രൂപയുടെ അപേക്ഷകൾ എത്രയും വേഗം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. തദ്ദേശ സ്വയം ഭരണ വകുപ്പിനായി അനുവദിച്ചിട്ടുള്ള 172.10 കോടി രൂപയിൽ 66,60,63,963 രൂപ 335 ഓളം നിർമ്മാണ പ്രവൃത്തികൾക്കുള്ള അലോട്ട്മെന്റായി 12/06/2019 നകം നൽകിയിട്ടുണ്ട്. G.O(Rt)No. 58/2019/Fin തീയതി 14/05/2019 പ്രകാരം പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്ന ആസ്തി വികസന പദ്ധതിയിലെ പ്രവൃത്തികളുടെ ബില്ലുകൾ സീനിയോറിറ്റി പേയ്മെന്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഡിവിഷൻ ഓഫീസുകളിൽ നിന്നും പ്രസ്തുത പ്രവൃത്തികളുടെ ബില്ലുകൾ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭിക്കുന്ന മുറയ്ക്ക് BAMS മുഖാന്തരം തുക അനുവദിച്ച് നൽകിവരുന്നതിനാൽ കടിശ്ശിക ഇല്ല. |
| (സി) | പ്രസ്തുത കടിശ്ശിക അടിയന്തരമായി നൽകുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ? | അലോട്ട്മെന്റ് അനുവദിക്കുന്ന മാർഗ്ഗനിർദ്ദേശ പ്രകാരം സമർപ്പിക്കപ്പെടുന്ന ബില്ലുകൾക്ക് സമയബന്ധിതമായി തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ